**കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി**

**തിരുവനന്തപുരം**

# പ്രോസ്പെക്ടസ്

## പച്ചമലയാളം സർട്ടിഫിക്കറ്റ് കോഴ്സ്

**ബാച്ച് 2 : 2025 - 2026**

**കേരള സർക്കാർ**
**പൊതുവിദ്യാഭ്യാസവകുപ്പ്**
**തദ്ദേശസ്വയംഭരണവകുപ്പ്**

## ആമുഖം

കേരളസംസ്ഥാന സാക്ഷരതാമിഷൻ സ്വയംഭരണാവകാശമുള്ള ഒരു സർക്കാർ സ്ഥാപനമാണ്. 'ഏവർക്കും വിദ്യാഭ്യാസം എന്നെന്നും വിദ്യാഭ്യാസം' എന്ന ലക്ഷ്യം മുൻനിറുത്തി പ്രവർത്തിക്കുന്ന സാക്ഷരതാമിഷൻ 1998 ഒക്ടോബർ 26ന് രൂപീകൃതമായി. നാല്, ഏഴ്, പത്ത്, പതിനൊന്ന്, പന്ത്രണ്ട് ക്ലാസുകളിലേക്കുള്ള തുല്യതാ പാഠ്യപദ്ധതികൾ നടപ്പാക്കുന്നതിനോടൊപ്പം പലതരത്തിലുള്ള ഹ്രസ്വകാല വിദ്യാഭ്യാസകോഴ്സുകളും സാക്ഷരതാമിഷൻ സംഘടിപ്പിക്കുന്നുണ്ട്. സർട്ടിഫിക്കറ്റ് കോഴ്സുകളായ അച്ഛീഹിന്ദി, ഗുഡ് ഇംഗ്ലീഷ് എന്നിവയും ഇ-മുറ്റം, സൈബർ ലിറ്ററസി, സമന്വയ, സമഗ്ര, നവചേതന, ജൻഡർ ലിറ്ററസി, പൗരധ്വനി തുടങ്ങിയ പാഠ്യപദ്ധതികളും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിർദേശിക്കുന്ന സാമൂഹ്യസാക്ഷരത/തുടർവിദ്യാഭ്യാസ പരിപാടികളും സാക്ഷരതാമിഷൻ ഏറ്റെടുത്ത് നടപ്പാക്കുന്നു.

ലോകത്തെമ്പാടുമുള്ള പരിഷ്കൃതസമൂഹങ്ങൾ മാതൃഭാഷയ്ക്കും മാതൃഭാഷാമാധ്യമത്തിലുള്ള സ്കൂൾവിദ്യാഭ്യാസത്തിനും വലിയ പ്രാധാന്യമാണ് നൽകുന്നത്. കേരളത്തിലെ പൊതുവിദ്യാഭ്യാസപദ്ധതിയും മാതൃഭാഷാവിദ്യാഭ്യാസത്തിന് പ്രമുഖസ്ഥാനം നൽകിവരുന്നു. അതിനാൽ കേരളീയരിൽ ബഹുഭൂരിപക്ഷത്തിനും മാതൃഭാഷാവിദ്യാഭ്യാസത്തിന് അവസരം ലഭിക്കുന്നുണ്ട്. പല കാരണങ്ങളാൽ മലയാളഭാഷ അറിയാത്തവരായി ഒരു ന്യൂനപക്ഷം കേരളീയർ സംസ്ഥാനത്തിനകത്തും പുറത്തുമുണ്ട്. അങ്ങനെയുള്ളവർക്ക് മലയാളഭാഷ പഠിക്കുന്നതിനും സ്വന്തം ഭാഷാപാരമ്പര്യത്തിന്റെ മധുരം നുണയുന്നതിനും ആ സംസ്കാരത്തിന്റ ഭാഗമാകുന്നതിനും ഒരു സാഹചര്യം ഒരുക്കേണ്ടതാണ്. മാത്രമല്ല ഭരണഭാഷയും കോടതിഭാഷയുമൊക്കെ പൂർണമായും മലയാളം ആകേണ്ടതുണ്ട്. ഫയലുകളും സർക്കാർ വിനിമയങ്ങളും മലയാളത്തിലായിക്കഴിഞ്ഞു. പിഎസ്സി പരീക്ഷകളിൽ മലയാളം നിർബന്ധമാകുകയും ചെയ്തിട്ടുണ്ട്. ഇത്തരം സാമൂഹികസമ്മർദ്ദങ്ങൾ മലയാളപഠനം അനിവാര്യമാണെന്ന തോന്നൽ ഉണ്ടാകാൻ കാരണമായിട്ടുണ്ട്. ഈ സവിശേഷ സാഹചര്യത്തിലാണ് കേരള സംസ്ഥാന സാക്ഷരതാമിഷൻ നിലവിലുണ്ടായിരുന്ന പച്ചമലയാളം സർട്ടിഫിക്കറ്റ് കോഴ്സ് പരിഷ്കരിക്കാൻ തീരുമാനിച്ചത്. ഒന്നുമുതൽ പത്തുവരെയുള്ള ക്ലാസുകളിൽ നേടേണ്ട മലയാള ഭാഷാപഠനശേഷികൾ സ്വായത്തമാക്കാൻ പര്യാപ്തമായ രീതിയിലാണ് കോഴ്സ് വിഭാവനം ചെയ്തിട്ടുള്ളത്. അതായത് സാക്ഷരതാമിഷന്റെ പച്ചമലയാളം സർട്ടിഫിക്കറ്റ് കോഴ്സ് ഒരു തുല്യതാ കോഴ്സാണ്. സർക്കാർ ജീവനക്കാർക്ക് പത്താം ക്ലാസ് മലയാളപഠനം നിർബന്ധമാണ് എന്ന വസ്തുതയും ഈ കോഴ്സ് കണക്കിലെടുത്തിട്ടുണ്ട്.

### 1. ലക്ഷ്യങ്ങൾ

1. മലയാളഭാഷ അനായാസം പ്രയോഗിക്കാൻ അവസരമൊരുക്കുക.
2. മലയാളം പഠിക്കാത്ത വിദ്യാർഥികൾക്ക് മലയാളം പഠിക്കാനും പ്രയോഗിക്കാനുമുള്ള ക്ഷമതയുണ്ടാക്കുക.
3. സർക്കാർ-അർധസർക്കാർ സ്ഥാപനങ്ങളിലെ ഔദ്യോഗിക കൃത്യനിർവഹണത്തിന് മലയാളം അറിയാത്ത ജീവനക്കാരെ അതിന് പ്രാപ്തരാക്കുക.
4. ഇതരസംസ്ഥാനങ്ങളിൽനിന്നോ, മറ്റ് രാജ്യങ്ങളിൽനിന്നോ വന്ന് കേരളത്തിൽ താമസിക്കുന്നവർക്ക് മലയാളം പഠിക്കാനുള്ള അവസരം നൽകുക.
5. മലയാളഭാഷ, സാഹിത്യം, കല എന്നിവയിൽ അഭിരുചി വളർത്തുക, സൃഷ്ടികൾ ആസ്വദിക്കാനുള്ള വഴിയൊരുക്കുക.
6. ഭാഷാന്യൂനപക്ഷങ്ങൾക്ക് മലയാളപഠനം സാധ്യമാക്കുക.
7. ഭാഷാസാങ്കേതികവിദ്യയിൽ നൈപുണിയുണ്ടാക്കുക.
8. സമ്പർക്കപഠനം, വായനശീലം തുടങ്ങിയവയിലൂടെ മലയാളഭാഷയുടെ വ്യാപനവും വളർച്ചയും സാധ്യമാക്കുക.
9. ഭരണനിർവഹണത്തിന്റെ ജനാധിപത്യവല്കരണം നടപ്പാക്കുക.
10. മാതൃഭാഷാപഠനത്തിലൂടെ മാനവവിഭവശേഷി വർധിപ്പിച്ച് നാടിന്റെ വികസനം സാധ്യമാക്കുക.
11. മലയാളഭാഷാപഠനത്തിലൂടെ വൈജ്ഞാനികസമ്പത്ത് വളർത്തുക.

## 2. സർട്ടിഫിക്കറ്റ് കോഴ്സുകളുടെ വിശദാംശങ്ങൾ

| നമ്പർ | കോഴ്സിന്റെ പേര് | കാലയളവ് | കോഴ്സ് ഫീസ് |
|---|---|---|---|
| 1. | പച്ചമലയാളം അടിസ്ഥാനകോഴ്സ് | 6 മാസം | രജിസ്ട്രേഷൻ ഫീസ് - 500<br>കോഴ്സ് ഫീസ് - 3500 |
| 2. | പച്ചമലയാളം അഡ്വാൻസ് കോഴ്സ് | 6 മാസം | രജിസ്ട്രേഷൻ ഫീസ് - 500<br>കോഴ്സ് ഫീസ് - 5500 |

## 3. പ്രായപരിധി/യോഗ്യത

- രജിസ്ട്രേഷൻ സമയത്ത് 17 വയസ്സ് പൂർത്തിയായിരിക്കണം.

## 4. രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ

**അപേക്ഷിക്കേണ്ട രീതി**

- ഓൺലൈൻ
- അപേക്ഷാഫോറം സാക്ഷരതാമിഷന്റെ വെബ്സൈറ്റിൽ ലഭ്യമാണ് (www.literacymissionkerala.org)
- ഓൺലൈനായി അപേക്ഷിച്ചതിന്റെ ഹാർഡ് കോപ്പി, രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ അതത് ജില്ലയിലെ സാക്ഷരതാമിഷൻ ഓഫീസിൽ 2025 ഏപ്രിൽ 30 നകം ലഭ്യമാക്കേണ്ടതാണ്.

**ഫീസ് അടയ്ക്കേണ്ട രീതി**

ഓൺലൈൻ മുഖേന ഫീസ് അടയ്ക്കാവുന്നതാണ്. അല്ലെങ്കിൽ പച്ചമലയാളം കോഴ്സുകളുടെ രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ് എന്നിവ സംസ്ഥാന സാക്ഷരതാമിഷൻ ഡയറക്ടറുടെ തിരുവനന്തപുരം എസ്.ബി.ഐ. ശാസ്തമംഗലം ബ്രാഞ്ചിലുള്ള 38444973213 എന്ന അക്കൗണ്ടിൽ അടയ്ക്കേണ്ടതാണ്.
IFSC CODE : SBIN0070023

## 5. നിർദ്ദേശങ്ങൾ

1) ബാങ്കിൽ നിശ്ചിത ഫീസടച്ച ചെലാൻ അപേക്ഷയോടൊപ്പം വയ്ക്കേണ്ടതാണ്.
2) ജനനത്തീയതി തെളിയിക്കുന്നതിന് പഠിച്ചിരുന്ന വിദ്യാലയത്തിലെ അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ്/ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന ജനനസർട്ടിഫിക്കറ്റ്/സ്കൂൾ സർട്ടിഫിക്കറ്റ് ഇവയിൽ ഏതെങ്കിലും ഒന്നിന്റെ പകർപ്പ് സ്വയം സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.
3) അപേക്ഷയിൽ പതിക്കുന്ന ഫോട്ടോ ആറുമാസത്തിനകം എടുത്തതും സ്വയം സാക്ഷ്യപ്പെടുത്തിയതുമായിരിക്കണം.
4) അപേക്ഷാഫോറം പൂരിപ്പിക്കുന്നതിന് മുമ്പായി പ്രോസ്പെക്ടസിലെ നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവം വായിക്കേണ്ടതാണ്. അപൂർണവും തെറ്റായ വിവരങ്ങൾ ഉൾക്കൊള്ളുന്നതുമായ അപേക്ഷകൾ നിരസിക്കുന്നതാണ്.
5) അപേക്ഷയോടൊപ്പം അനുബന്ധരേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സമർപ്പിക്കണം.
6) പച്ചമലയാളം കോഴ്സിന് രജിസ്റ്റർ ചെയ്യുന്ന അപേക്ഷകർ അടച്ച തുക യാതൊരു കാരണവശാലും മടക്കിക്കൊടുക്കുന്നതല്ല.

## 6. അപേക്ഷിക്കേണ്ട അവസാന തീയതി

2025 ഏപ്രിൽ 12

## 7. പഠനബോധന സാമഗ്രികൾ

രണ്ട് പാഠപുസ്തകങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്. അഞ്ചാംതരം നിലവാരത്തിലുള്ളതും അടിസ്ഥാന ഭാഷാശേഷികൾ ഉറപ്പിക്കുന്നതിനുമുള്ള ഭാഗം-1 പാഠപുസ്തകം. പത്താംതരം തുല്യതയ്ക്ക് അവസരം ഒരുക്കുന്ന ഭാഗം-2 പാഠപുസ്തകം.

## 8. നിർവഹണ ഏജൻസി

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി

**9. ഗുണഭോക്താക്കൾ**

1. മലയാളം അറിയാത്തവരും മലയാളം പഠിക്കാൻ താൽപ്പര്യമുള്ളവരും
2. പതിനേഴ് വയസ്സ് പൂർത്തിയാക്കിയവർ
3. മലയാളം കൈകാര്യം ചെയ്യാൻ ഇനിയും പ്രാപ്തി നേടേണ്ട സർക്കാർ/അർധസർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാർ.
4. ഭാഷാന്യൂനപക്ഷങ്ങൾ, ഇതരസംസ്ഥാനങ്ങളിൽ നിന്നുള്ളവർ.
5. ഭാഷാസ്നേഹികൾ

**10. കോഴ്സ് കാലയളവ്**

കോഴ്സ് രണ്ടുഘട്ടമായാണ് പൂർത്തിയാകുന്നത്.
ഒന്നാം ഘട്ടം - 6 മാസം
രണ്ടാം ഘട്ടം - 6 മാസം

**11. കോഴ്സിന്റെ ഘടന**

1. പച്ചമലയാളം അടിസ്ഥാനകോഴ്സ് - 60 മണിക്കൂർ മുഖാമുഖ ക്ലാസ്
   30 മണിക്കൂർ ഓൺലൈൻ ക്ലാസ്
2. പച്ചമലയാളം അഡ്വാൻസ് കോഴ്സ് -60 മണിക്കൂർ മുഖാമുഖ ക്ലാസ്
   30 മണിക്കൂർ ഓൺലൈൻ ക്ലാസ്

**12. നിർവഹണം (അക്കാദമിക്)**

നിശ്ചിത സിലബസിന്റെയും പാഠപുസ്തകത്തിന്റെയും അടിസ്ഥാനത്തിൽ, നൂതന ഭാഷാപഠന രീതിശാസ്ത്രം അവലംബിച്ച് ഓൺലൈൻ ഓഫ്ലൈൻ ക്ലാസ്സുകളിലൂടെ.

**13. പരീക്ഷാഘടന**

മാതൃകാപരീക്ഷ, പൊതുപരീക്ഷ എന്നിവ നടത്തി സർട്ടിഫിക്കറ്റ് നൽകുന്നു. അടിസ്ഥാനകോഴ്സിന്റെ പരീക്ഷ നടത്തുന്നതും സർട്ടിഫിക്കറ്റ് നൽകുന്നതും കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയാണ്. അഡ്വാൻസ് കോഴ്സിന്റെ പൊതുപരീക്ഷ നടത്തുന്നതും സർട്ടിഫിക്കറ്റ് നൽകുന്നതും പരീക്ഷാഭവനാണ്. കേന്ദ്രീകൃത മൂല്യനിർണയം, നിരന്തര വിലയിരുത്തൽ, കോഴ്സ് മൂല്യനിർണയം, പൊതുപരീക്ഷ എന്നിങ്ങനെയായിരിക്കും വിലയിരുത്തലുകൾ. ആകെ സ്കോറിന്റെ 40% നിരന്തരവിലയിരുത്തലും 60% കോഴ്സ് മൂല്യനിർണയവും (പൊതുപരീക്ഷ) ആയിരിക്കും.

നിരന്തരവിലയിരുത്തൽ, പൊതുപരീക്ഷ എന്നിവയ്ക്ക് ഓരോന്നിനും 50% സ്കോർ നേടിയിരിക്കണം. എന്നാൽ 60 മാർക്കിന്റെ എഴുത്ത് പരീക്ഷയും, നിരന്തരവിലയിരുത്തലിന് 20 സ്കോറും 20 സ്കോറിന്റെ വാചാപരീക്ഷയുമടക്കം 100 ആണ് ആകെ സ്കോർ.

**പച്ചമലയാളം**
**അടിസ്ഥാനകോഴ്സ്/അഡ്വാൻസ് കോഴ്സ്**
**വിലയിരുത്തൽ ഇനങ്ങളും സ്കോറും**

| ക്രമ നമ്പർ | വിലയിരുത്തൽ ഇനങ്ങൾ | ആകെ സ്കോർ | വിജയിക്കാൻ ആവശ്യമായ സ്കോർ | ശതമാനം | ഗ്രേഡ് |
|---|---|---|---|---|---|
| 1. | C.C.A Continuos and Comprehensive Assessment (നിരന്തരവും സമഗ്രവുമായ വിലയിരുത്തൽ) | 20 | 20 | 50 | C+ |
| 2. | VIVA Viava Voce (വാചാപരീക്ഷ) | 20 | | | |
| 3. | Course Assessment (പൊതുപരീക്ഷ) | 60 | 30 | 50 | C+ |
| | **ആകെ സ്കോർ** | **100** | **50** | **50** | **C+** |

**14. ഹാജർ**

കോഴ്സിന് 75% ഹാജർ നിർബന്ധമാണ്.

**അനുബന്ധം**

## ജില്ലാ സാക്ഷരതാമിഷൻ ഓഫീസുകൾ

| | | |
|---|---|---|
| 1. തിരുവനന്തപുരം | : | ജില്ലാ സാക്ഷരതാമിഷൻ, ജില്ലാ പഞ്ചായത്ത് ഓഫീസ്, പട്ടം.പി.ഒ, തിരുവനന്തപുരം-4. ഫോൺ : 0471-2556740 |
| 2. കൊല്ലം | : | ജില്ലാ സാക്ഷരതാമിഷൻ, തേവള്ളി. പി.ഒ, കൊല്ലം-9 ഫോൺ : 0474-2798020 |
| 3. പത്തനംതിട്ട | : | ജില്ലാ സാക്ഷരതാമിഷൻ, സിവിൽ സ്റ്റേഷൻ പത്തനംതിട്ട. ഫോൺ : 0468-2220799 |
| 4. ആലപ്പുഴ | : | ജില്ലാ സാക്ഷരതാമിഷൻ, ജില്ലാ പഞ്ചായത്ത് ഓഫീസ് ആലപ്പുഴ. ഫോൺ : 0477-2252095 |
| 5. കോട്ടയം | : | ജില്ലാ സാക്ഷരതാമിഷൻ, വയസ്കരക്കുന്ന്, കോട്ടയം-686 001. ഫോൺ : 0481-2302055 |
| 6. ഇടുക്കി | : | ജില്ലാ സാക്ഷരതാമിഷൻ, കുയിലിമല, പൈനാവ്.പി.ഒ, ഇടുക്കി-685 603. ഫോൺ : 0486-2232294 |
| 7. എറണാകുളം | : | ജില്ലാ സാക്ഷരതാമിഷൻ, സിവിൽ സ്റ്റേഷൻ, കാക്കനാട്, എറണാകുളം-682 030. ഫോൺ : 0484-2426596 |
| 8. തൃശ്ശൂർ | : | ജില്ലാ സാക്ഷരതാമിഷൻ, അയ്യന്തോൾ, തൃശ്ശൂർ-3, ഫോൺ : 04874-235024 |
| 9. പാലക്കാട് | : | ജില്ലാ സാക്ഷരതാമിഷൻ, ജില്ലാ പഞ്ചായത്ത് ഓഫീസ്, പാലക്കാട്-678 001. ഫോൺ : 0491-2505179 |
| 10. മലപ്പുറം | : | ജില്ലാ സാക്ഷരതാമിഷൻ, സാക്ഷരതാ ഭവൻ. മലപ്പുറം-676 505. ഫോൺ : 0483-2734670 |
| 11. കോഴിക്കോട് | : | ജില്ലാ സാക്ഷരതാമിഷൻ, ജില്ലാ പഞ്ചായത്ത് ഭവൻ, കോഴിക്കോട്-20. ഫോൺ : 0495-2370053 |
| 12. വയനാട് | : | ജില്ലാ സാക്ഷരതാമിഷൻ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ, വയനാട്-673 122. ഫോൺ : 0493-6202091 |
| 13. കണ്ണൂർ | : | ജില്ലാ സാക്ഷരതാമിഷൻ, ജില്ലാ പഞ്ചായത്ത് ഓഫീസ്, കണ്ണൂർ-670 002. ഫോൺ : 0497-2707699 |
| 14. കാസറഗോഡ് | : | ജില്ലാ സാക്ഷരതാമിഷൻ, വിദ്യാനഗർ.പി.ഒ, കാസറഗോഡ്-671 123. ഫോൺ : 04994-255507 |